ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ അവസരം നൽകാൻ നടപടി

79 [2206] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് പല കാരണങ്ങൾകൊണ്ട് കൃത്യ സമയത്ത് പുതുക്കാൻ കഴിയാതെ പോയവർക്ക് മുൻകാല പ്രാബല്യത്തോടെ രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാതെ റദ്ദായിപ്പോയവർക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള സ്പെഷ്യൽ റിന്യൂവൽ പദ്ധതിക്കുള്ള ഉത്തരവുകൾ പലപ്പോഴായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 22-7-2003-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി.) നം. 2030/03/തൊഴിൽ പ്രകാരം 1-1-1995 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ റദ്ദായിപ്പോയ രജിസ്ട്രേഷൻ 1-12-2003 മുതൽ 31-12-2003 വരെ പുതുക്കുന്നതിന് അനുവദിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യം വീണ്ടും ഉടനെ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

തൊഴിൽ രഹിതരെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന വെബ്സൈറ്റിന്റെ ദുരുപയോഗം തടയാൻ നടപടി

80 [2207] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും മേൽവിലാസവും യോഗ്യതയും മറ്റു വിവരങ്ങളുമടങ്ങുന്ന ബയോഡേറ്റാ വെബ്സൈറ്റിൽ നൽകുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വെബ്സൈറ്റിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് പ്രൈവറ്റ് റിക്രൂട്ടിങ് ഏജൻസികൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly